भारत निर्वाचन आयोग
ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ

चुनाव का पर्व
DESH KA GARV
LOK SABHA ELECTION 2024

## സ്മാർട്ട് വോട്ടറാകൂ

# സമ്മതിദായകർക്കുള്ള കൈപ്പുസ്തകം



വോട്ട് ചെയ്യുന്നതിനോളം മഹത്തരം മറ്റൊന്നുമില്ല, ഞാൻ വോട്ട് ചെയ്യും, ഉറപ്പായും !

# രജിസ്ട്രേഷൻ പ്രക്രിയ

## ഓൺലൈൻ

voters.eci.gov.in

അല്ലെങ്കിൽ

വോട്ടർ ഹെൽപ്പ് ലൈൻ ആപ്പ്

## ഓഫ് ലൈൻ

താങ്കളുടെ ബിഎൽഒ യെ ബന്ധപ്പെടുക

അല്ലെങ്കിൽ

സമ്മതിദായക സേവന കേന്ദ്രം സന്ദർശിക്കുക

**പുതിയ സമ്മതിദായകരായി എൻറോൾ ചെയ്യണമെങ്കിൽ താങ്കൾ:**

- ഇന്ത്യൻ പൗരൻ ആയിരിക്കണം
- പോളിംഗ് പ്രദേശത്തെ താമസക്കാരൻ ആയിരിക്കണം
- 18 വയസ്സോ അതിനുമുകളിലോ പ്രായമുണ്ടായിരിക്കണം

**പുതിയ വോട്ടറായി പേര് ചേർക്കാൻ ഇപ്പോൾ നാല് യോഗ്യതാ തീയതികൾ ലഭ്യമാണ്**

- ജനുവരി 01
- ഏപ്രിൽ 01
- ജൂലൈ 01
- ഒക്ടോബർ 01

## താങ്കളുടെ വിശദാംശങ്ങൾ പരിശോധിക്കാം

### ഫോം 8

മേൽവിലാസം മാറ്റം / രേഖപ്പെടുത്തലുകൾ തിരുത്തുന്നതിന്/ EPIC മാറ്റി ലഭിക്കാൻ / ഭിന്നശേഷി വോട്ടറായി അടയാളപ്പെടുത്താൻ

### ഫോം 7

വോട്ടർ പട്ടികയിൽ ചേർത്തിട്ടുള്ള പേരിൽ കൂട്ടിച്ചേർക്കലിനോ ഒഴിവാക്കലിനോ ഉള്ള ഒബ്ജെക്ഷൻ അറിയിക്കുവാൻ

## താങ്കളുടെ പേര് വോട്ടർ പട്ടികയിൽ ഉണ്ടോ എന്ന് പരിശോധിക്കുക

വോട്ടർ ഹെൽപ്പ് ലൈൻ ആപ്പ് ഉപയോഗിക്കാം

voters.eci.gov.in
ceo.kerala.gov.in

1950 എന്ന നമ്പറിലേക്ക് ECI<space><EPIC No> എന്ന ഫോർമാറ്റിൽ എസ്എംഎസ് അയക്കാം



താങ്കളുടെ വോട്ട് രേഖപ്പെടുത്തണമെങ്കിൽ വോട്ടർ പട്ടികയിൽ താങ്കളുടെ പേര് ഉണ്ടായിരിക്കണം

# വോട്ടെടുപ്പ് ദിനത്തിൽ

HOLIDAY

വോട്ടെടുപ്പ് ദിനത്തിൽ വോട്ട് രേഖപ്പെടുത്താനുള്ള സൗകര്യം പരിഗണിച്ച് അവധി പ്രഖ്യാപിച്ചിട്ടുള്ളതാണ്

ഇതൊരു ഒഴിവു ദിനം അല്ല, വോട്ട് ചെയ്യേണ്ട ദിനമാണ്.

ഇലക്ട്രോണിക് ഉപകരണങ്ങൾ പോളിംഗ് ബൂത്തിനുള്ളിൽ അനുവദനീയമല്ല

താഴെപ്പറയുന്നവ ഉപയോഗിച്ച് താങ്കളുടെ പോളിംഗ് സ്റ്റേഷൻ കണ്ടെത്താം:

voters.eci.gov.in

1950 എന്ന വോട്ടർ ഹെൽപ്പ് ലൈനിലേക്ക് വിളിക്കാം

വോട്ടർ ഹെൽപ്പ് ലൈൻ ആപ്പ്

## പോളിംഗ് സ്റ്റേഷനിലേക്ക് താഴെപ്പറയുന്ന ഏതെങ്കിലും അംഗീകൃത തിരിച്ചറിയൽ രേഖ കൊണ്ടുപോകാവുന്നതാണ്

- വോട്ടർ ഐഡി കാർഡ് (EPIC)
- ആധാർ കാർഡ്
- പാൻ കാർഡ്
- യുണിക് ഡിസെബിലിറ്റി ഐഡി (UDID) കാർഡ്
- സർവീസ് ഐഡന്റിറ്റി കാർഡ്
- ബാങ്കിന്റെയോ പോസ്റ്റ് ഓഫീസിന്റെയോ ഫോട്ടോ പതിപ്പിച്ച പാസ് ബുക്ക്
- ഹെൽത്ത് ഇൻഷുറൻസ് സ്മാർട്ട് കാർഡ് (തൊഴിൽമന്ത്രാലയത്തിന്റേത്)
- ഡ്രൈവിംഗ് ലൈസൻസ്
- പാസ്പോർട്ട്
- എൻപിആർ സ്കീമിന് കീഴിൽ ആർ ജി ഐ നൽകിയ സ്മാർട്ട് കാർഡ്
- പെൻഷൻ രേഖ
- എംപിയ്ക്കോ / എംഎൽഎയ്ക്കോ / എംഎൽസിയ്ക്കോ നൽകിയ ഔദ്യോഗിക തിരിച്ചറിയൽ കാർഡ്
- ദേശീയ തൊഴിലുറപ്പ് പദ്ധതി ജോബ് കാർഡ്



ഏതെങ്കിലും നിയമവിരുദ്ധ പ്രവൃത്തി കാണുന്നുവെങ്കിൽ സി വിജിൽ ആപ്പ് മുഖേന റിപ്പോർട്ട് ചെയ്യുക

# വോട്ടെടുപ്പ് പ്രക്രിയ

1



സമ്മതിദായകൻ ക്യൂവിൽ നിൽക്കുന്നു

2



പോളിംഗ് ഓഫീസർ വോട്ടർ പട്ടികയിൽ താങ്കളുടെ പേരും താങ്കളുടെ തിരിച്ചറിയൽ രേഖയും പരിശോധിക്കുന്നു

3



പോളിംഗ് ഓഫീസർ താങ്കളുടെ ഇടതുകൈയിലെ ചൂണ്ടുവിരലിൽ മഷി പുരട്ടുകയും സ്ലിപ്പ് നൽകുകയും ഒപ്പ് വാങ്ങിക്കുകയും ചെയ്യുന്നു

4



പോളിംഗ് ഓഫീസർ സ്ലിപ്പ് സ്വീകരിക്കുകയും താങ്കളുടെ വിരലിലെ മഷിയടയാളം പരിശോധിക്കുകയും ചെയ്യുന്നു

5



സമ്മതിദായകൻ അവർക്ക് താൽപര്യമുള്ള സ്ഥാനാർത്ഥിക്ക് നേരെ/NOTAക്ക് നേരെ ഉള്ള ബട്ടൺ ഇവിഎമ്മിൽ അമർത്തുന്നു, ഒരു ചുവന്ന ലൈറ്റ് തെളിയുന്നു

NOTA

ഇവരിലാരുമല്ല (നോട്ട) എന്ന ഓപ്ഷൻ ഇവിഎം മെഷീനിൽ അവസാന ഓപ്ഷനായി ലഭ്യമാണ്

# താങ്കളുടെ വോട്ട് രേഖപ്പെടുത്തൽ

**1**




### വോട്ട് ചെയ്യാൻ തയ്യാറാണ്

താങ്കൾ വോട്ടിംഗ് കമ്പാർട്ട്മെന്റിന് മുന്നിൽ എത്തുമ്പോൾ മൂന്നാം പോളിംഗ് ഓഫീസർ ബാലറ്റ് യൂണിറ്റ് വോട്ടിംഗിന് സജ്ജമാക്കുന്നു. ബാലറ്റ് യൂണിറ്റിലെ 'READY' ലൈറ്റ് പ്രകാശിക്കുന്നു

**2**



### താങ്കളുടെ വോട്ട് രേഖപ്പെടുത്തുക

ബാലറ്റ് യൂണിറ്റിൽ താങ്കൾ തിരഞ്ഞെടുത്ത സ്ഥാനാർത്ഥിയുടെ പേര്/ചിഹ്നത്തിന് നേരെയുള്ള ബട്ടണിലോ/ NOTAക്ക് നേരെയുള്ളതോ ആയ നീല ബട്ടണിൽ അമർത്തുക

**3**



### ലൈറ്റ് കാണുക

ബട്ടൺ അമർത്തിയ സ്ഥാനാർത്ഥിയുടെ പേരിനോ ചിഹ്നത്തിനോ/നോട്ടക്ക് നേരെയുള്ളതോ ആയ ചുവന്ന ലൈറ്റ് പ്രകാശിക്കുന്നു


**4**




### വോട്ട് പരിശോധിച്ച് ഉറപ്പാക്കുക

തിരഞ്ഞെടുത്ത സ്ഥാനാർത്ഥിയുടെ/നോട്ടയുടെ ക്രമ നമ്പർ, പേര്, ചിഹ്നം എന്നിവ അടങ്ങിയ ബാലറ്റ് സ്ലിപ്പ് വിവിപാറ്റ് പ്രിന്റ് ചെയ്യുകയും പ്രദർശിപ്പിക്കുകയും ചെയ്യുന്നു


**5**



### 'ബീപ്പ്' ശബ്ദം കേൾക്കുക

കൺട്രോൾ യൂണിറ്റിൽ നിന്നുള്ള 'ബീപ്പ്' ശബ്ദം വോട്ട് വിജയകരമായി രേഖപ്പെടുത്തി എന്നത് ഉറപ്പുവരുത്തുന്നു

- വിവിപാറ്റിൽ ബാലറ്റ് സ്ലിപ്പ് കാണാതിരിക്കുകയോ ഉയർന്ന ശബ്ദത്തിൽ ഉള്ള 'ബീപ്പ്' ശബ്ദം കേൾക്കാതിരിക്കുകയോ ചെയ്യുകയാണെങ്കിൽ പ്രിസൈഡിങ് ഓഫീസറെ ബന്ധപ്പെടുക
- 7 സെക്കൻഡ് നേരം സ്ലിപ്പ് ഗ്ലാസിലൂടെ കാണാവുന്നതാണ്. പ്രിന്റ് ചെയ്ത സ്ലിപ്പ് വിവിപാറ്റിൽ സുരക്ഷിതമായിരിക്കും



# ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകുന്ന വിവിധ സേവനങ്ങൾക്കായുള്ള ആപ്പുകൾ

## സക്ഷം ഇസിഐ



- ഭിന്നശേഷി സൗഹൃദം
- ഭിന്നശേഷി വ്യക്തിയാണെങ്കിൽ സ്വയം അടയാളപ്പെടുത്താം
- പുതിയ ഭിന്നശേഷി വോട്ടർ ആയി അപേക്ഷിക്കാം
- വീൽചെയറിനായി അപേക്ഷിക്കാം

## വോട്ടർ ഹെൽപ്പ് ലൈൻ ആപ്പ്




രജിസ്ട്രേഷനും തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട സേവനങ്ങൾക്കും ഉള്ള ഏകജാലക പരിഹാരം

മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ വിവരങ്ങൾ പരിശോധിക്കാം

വോട്ടർ ഇൻഫർമേഷൻ സ്ലിപ്പ് ജനറേറ്റ് ചെയ്യാം

## നോ യുവർ കാൻഡിഡേറ്റ് ആപ്പ്



താങ്കളുടെ നിയോജകമണ്ഡലത്തിലെ ഓരോ സ്ഥാനാർത്ഥിയുടെയും സത്യവാങ്മൂലത്തിൽ നൽകിയിരിക്കുന്ന വിശദാംശങ്ങൾ പരിശോധിക്കാം

– യോഗ്യത, ക്രിമിനൽ പശ്ചാത്തലം, സ്വത്ത് വിവരങ്ങൾ, ബാധ്യതകൾ എന്നിവ

## സി-വിജിൽ ആപ്പ്



- തിരഞ്ഞെടുപ്പ് വിജ്ഞാപന ദിവസം മുതൽ ആപ്പ് ആക്ടീവ് ആകുന്നു
- നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ / മാതൃക പെരുമാറ്റ ചട്ടത്തിന്റെ ലംഘനം എന്നിവ റിപ്പോർട്ട് ചെയ്യാം
- മൊബൈൽ ഫോൺ വഴി ബന്ധിപ്പിച്ചിരിക്കുന്നു

## ഭിന്നശേഷി വോട്ടർമാർക്കും മുതിർന്ന പൗരന്മാർക്കും നൽകുന്ന സൗകര്യങ്ങൾ

- റാമ്പും വീൽ ചെയറും
- ബ്രെയിലി സൗകര്യമുള്ള ഇവിഎം
- പ്രത്യേക വോളണ്ടിയർ
- ഭിന്നശേഷി വോട്ടർമാർക്കും മുതിർന്ന പൗരന്മാർക്കും പ്രത്യേക ക്യൂ സൗകര്യം
- ഭിന്നശേഷി വോട്ടർമാർക്ക് യാത്രാസൗകര്യം
- ആംഗ്യഭാഷ സൗകര്യം



## വീട്ടിലിരുന്ന് വോട്ട് ചെയ്യാനുള്ള സൗകര്യം/ പോസ്റ്റൽ വോട്ട് സൗകര്യം

ഫോം 12ഡി പൂരിപ്പിക്കുക വഴി വോട്ടർമാർക്ക് (85 വയസിനു മുകളിൽ പ്രായമുള്ള മുതിർന്ന പൗരന്മാർക്കും ബെഞ്ച്മാർക്ക് സർട്ടിഫിക്കറ്റുള്ള ഭിന്നശേഷി വ്യക്തികൾക്കും) വീട്ടിലിരുന്നു വോട്ട് ചെയ്യാനുള്ള സൗകര്യവും പോസ്റ്റൽ വോട്ട് സൗകര്യവും വിനിയോഗിക്കാം. അവശ്യ സേവന സർവീസുകളിൽ തൊഴിലെടുക്കുന്ന വോട്ടർമാർക്കും ഫോം 12ഡി പൂരിപ്പിച്ച് പോസ്റ്റൽ വോട്ട് സൗകര്യം പ്രയോജനപ്പെടുത്താം.

# സമ്മതിദായകരുടെ പ്രതിജ്ഞ

" ജനാധിപത്യത്തിൽ അടിയുറച്ച് വിശ്വസിക്കുന്ന ഇന്ത്യൻ പൗരന്മാരായ ഞങ്ങൾ രാജ്യത്തിന്റെ ജനാധിപത്യ പാരമ്പര്യവും സ്വതന്ത്രവും നീതിയുക്തവും സമാധാനപൂർണ്ണവുമായ തിരഞ്ഞെടുപ്പിന്റെ അന്തസ്സ് കാത്തു സൂക്ഷിക്കുമെന്നും, ജാതി, മതം, ഭാഷ തുടങ്ങിയ പരിഗണനകൾക്കോ മറ്റേതെങ്കിലും പ്രലോഭനങ്ങൾക്കോ വശംവദരാകാതെ എല്ലാ തിരഞ്ഞെടുപ്പുകളിലും സധൈര്യം വോട്ടു ചെയ്യുമെന്നും ഇതിനാൽ പ്രതിജ്ഞ ചെയ്യുന്നു."

चुनाव का पर्व
DESH KA GARV
LOK SABHA ELECTION 2024

**voters.eci.gov.in** എന്ന വെബ്സൈറ്റിൽ ഓൺലൈനായി രജിസ്റ്റർ ചെയ്യുകയോ താങ്കളുടെ വിശദാംശങ്ങൾ സ്ഥിരീകരിക്കുകയോ ചെയ്യുക

ഇൻസ്റ്റാൾ ചെയ്യേണ്ട ആപ്പുകൾ

eci.gov.in

ഞാൻ വോട്ട് ചെയ്യും, ഉറപ്പായും!

Voter Helpline 1950

fb.com/ECI @ecisveep youtube.com/eci @ecisveep Election Commission of India